LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് വാക്സിൻ ലഭ്യത

56 (1417) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ജനസംഖ്യയ്ക്ക് ആനുപാതികമായോ അല്ലെങ്കിൽ കോവിഡ് രോഗികളുടെ ശതമാനത്തിനനുസൃതമായോ പോലും വാക്സിൻ ലഭ്യമാക്കുന്നില്ല എന്ന വ്യാപക പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) ഇല്ലെങ്കിൽ ആയതിന് അനുസൃതമായി വാക്സിൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇതുവരെ കൃത്യമായ് എടുത്തിട്ടില്ലാത്ത ജനസംഖ്യയുടെ അനുപാതത്തിലാണ് കോവിഡ് വാക്സിൻ (ഡോസ് 1+ ഡോസ് 2). ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. ആദ്യ ഘട്ടത്തിൽ, മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള ആരോഗ്യ പ്രവർത്തകരുടേയും മുൻനിര പോരാളികളുടേയും എണ്ണത്തെ അടിസ്ഥാനമാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം നേരിട്ട് ജില്ല തിരിച്ചുള്ള അലോട്ട്മെന്റ് നടത്തി. ആദ്യ രണ്ട് മാസങ്ങളിൽ മലപ്പുറം ജില്ലയിലെ വാക്സിൻ ഉപയോഗ നിരക്ക് താഴെയായിരുന്നത് വാക്സിൻ അലോട്ട്മെന്റിനെ ബാധിച്ചു. പിന്നീട് വാക്സിനേഷൻ ശക്തി പ്രാപിച്ചതോടെ കൂടുതൽ വാക്സിൻ ഡോസുകൾ ജില്ലയ്ക്ക് അനുവദിച്ചു.

കോവിഡ് വ്യാപനം - നിയന്ത്രണത്തിലെ ഇളവുകൾ

57 (1418) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആരാധനാലയങ്ങൾക്കും അത് ബാധകമാക്കുമോ;

&

(ബി) നിയന്ത്രണങ്ങൾക്ക് വിധേയമായി വെള്ളിയാഴ്ചകളിലെ പ്രാർത്ഥനകൾക്ക് പള്ളികൾ തുറന്നുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് രോഗ നിയന്ത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ